DESPATCHED
On..21.01.2020
31/1/20.

31/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No. 2547(5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 13355/SIC-G7/2018**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. മണിലാൽ സി.പി.<br>അഞ്ജന,<br>കരിങ്ങന്നൂർ പി.ഒ.,<br>വെളിനല്ലൂർ,<br>കൊല്ലം – 691 516. | അപ്പീൽ ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,<br>കെ.എസ്.ആർ.ടി.സി., ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ്,<br>കൊട്ടാരക്കര, കൊല്ലം<br><br>അപ്പീൽ അധികാരി &<br>അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ആഫീസർ,<br>കെ.എസ്.ആർ.ടി.സി.,<br>ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ്,<br>കൊട്ടാരക്കര, കൊല്ലം | എതിർകക്ഷികൾ |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 30.08.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 25.09.2018 |
| ഒന്നാം അപ്പീൽ | 03.10.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | ......... |
| രണ്ടാം അപ്പീൽ | 22.11.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, കൊട്ടാരക്കര പാരിപ്പള്ളി ചെയിൻ സർവ്വീസ് സംബന്ധിച്ച 5 വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്ന് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ അറിയിച്ചത്, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് പൂർണ്ണമായ വിവരം നൽകി എന്നും ആവശ്യപ്പെട്ട പകർപ്പുകൾ ഫീസ് ഒടുക്കി ഹർജിക്കാരൻ കൈപ്പറ്റി എന്നുമാണ്.

4. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മറുപടി നൽകി എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി സത്യസന്ധമല്ല എന്നാണ് കമ്മീഷൻ മുമ്പാകെ ടിയാൻ ആരോപിച്ചിരിക്കുന്നത്.

5. ഈ സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരൻ 30.08.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് വ്യക്തവും കൃത്യവുമായ മറുപടി ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ സൗജന്യമായി അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി യഥാസമയം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**